⇨ ഈ സാമൂഹികാന്വേഷണ രീതി വളർന്ന് വികസിച്ചത് ചുരുങ്ങിയ കാലംകൊണ്ടാണ് ⇨

**പടിഞ്ഞാറൻ** ഭരണകൂടങ്ങളുടെ അകമഴിഞ്ഞ ആശീർവ്വാദത്തോടെ ലോകമെമ്പാടും വ്യാപരിച്ചിരുന്ന 'കോളനി ഭരണ'ത്തിന്റെ ഉപോൽപ്പന്നമായി പിറന്ന അന്വേഷണ ശാഖയായാണ് പൊതുവെ നരവംശ ശാസ്ത്രം അറിയപ്പെടുന്നത്. എന്നാൽ 'നരവംശ ശാസ്ത്രപരമായ ചിന്ത'അതിനും നൂറ്റാണ്ടുകൾക്ക് മുമ്പേ ആരംഭിച്ചിരുന്നു. ക്രിസ്തുവിന് മുമ്പ് ജീവിച്ചിരുന്ന യവനചിന്തകരും, സഞ്ചാരികളും വിവിധ ജനപഥങ്ങളുടെ സവിശേഷതകളെ രേഖപ്പെടുത്തുന്നതിൽ തൽപരരായിരുന്നു. ക്രിസ്തുവിന് ശേഷം സഞ്ചാരപ്രിയരായ സാഹസികർ, മിഷനറി പ്രവർത്തകർ, ഭരണനിർവ്വാഹകർ തുടങ്ങി വിവിധ തട്ടിലുള്ള വൈദേശികർ തികച്ചും വെവ്വേറെ ആവശ്യങ്ങൾക്കായി സ്വരൂപിച്ച വിവരശേഖരണ പ്രക്രിയയായിരുന്നു

# നരവംശശാസ്ത്രവും സാമൂഹിക സമസ്യകളും

മനുഷ്യജീവിതത്തിൽ ദിനംപ്രതി അനുഭവിക്കുന്ന ചെറുതും വൈവിധ്യമാർന്നതുമായ സത്യങ്ങളും ജീവിതസാധ്യതകളും തുറന്ന് പ്രകാശിപ്പിക്കുന്ന രീതിശാസ്ത്രമായ സാമൂഹിക നരവംശശാസ്ത്രത്തെക്കുറിച്ച്

**പ്രൊഫ. ഖസൻ ഹേഷ്**
തയ്യാറാക്കിയത്: മധു നാരായണൻ

നരവംശശാസ്ത്രത്തിന് ഔപചാരികമായ ഒരു ഘടന രൂപപ്പെടുത്തുവാൻ സഹായിച്ചത്. എന്നാൽ ഇന്ന് പഠിക്കുന്ന സാമൂഹ്യ നരവംശശാസ്ത്രം (Social Anthropology) എന്ന അക്കാദമിക ശാഖയായി ഈ സാമൂഹികാന്വേഷണ രീതി വളർന്ന് വികസിച്ചത് വളരെ ചുരുങ്ങിയ കാലംകൊണ്ടാണ്. 1944-ൽ പുറത്തിറങ്ങിയ തന്റെ Scientific Theory of Culture എന്ന കൃതിയിൽ മലിനോവ്സ്കി ഇപ്രകാരം അഭിപ്രായപ്പെടുന്നു "ഇതര സാമൂഹ്യശാസ്ത്ര വിഷയങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സൈദ്ധാന്തിക അടിത്തറയോടുകൂടിയ നരവംശ ശാസ്ത്രപഠനവും, പഠിപ്പിക്കലും ആരംഭിക്കുന്നത് വളരെയേറെ വൈകിയാണ്".

നരവംശശാസ്ത്രം പഠനവിധേയമാക്കുന്ന മേഖലകളുടെ ബാഹുല്യവും, വൈവിദ്ധ്യവും കൊണ്ടാവണം ഒരൊറ്റ ചട്ടക്കൂടിൽ ഈ വിഷയത്തെ ഒതുക്കി നിർത്തുവാൻ ആദ്യകാലത്ത് സാധിച്ചിരുന്നില്ല. പിൽക്കാലത്ത് നരവംശശാസ്ത്രം അതിന്റെ വൈജ്ഞാനിക വ്യക്തിത്വം പ്രഖ്യാപിച്ച് 'മനുഷ്യസമൂഹം - സംസ്കാരം'എന്നീ മാനകങ്ങളിൽ ശ്രദ്ധയൂന്നിക്കൊണ്ടുള്ള പഠനങ്ങളും ഗവേഷണങ്ങളുമാണ് തുടർന്നത്. ശാസ്ത്ര-സാമൂഹ്യ-മാനവിക ശാഖകളോട് വിവിധ തലങ്ങളിലുള്ള കൊടുക്കൽ വാങ്ങലുകൾ നടത്തി ഈ പഠന ശാഖ അതിന്റെ കേന്ദ്രബിന്ദുവായി 'മനുഷ്യ സമൂഹത്തിന്റെ ആർജ്ജിത സംസ്ക്കാര'ത്തെ തിട്ടപ്പെടുത്തുന്നു. ഇങ്ങനെ കേവല

കണ്ണൂർ സർവ്വകലാശാലയിലെ നരവംശശാസ്ത്ര വിഭാഗം റിസർച്ച് സ്കോളറാണ് മധു നാരായണൻ

'സംസ്ക്കാര പഠനം'എന്നതിനപ്പുറത്തേക്ക് സങ്കീർണ്ണ സാമൂഹ്യ സമസ്യകളെ വിശകലനം ചെയ്യുന്ന ഗൗരവമാർന്ന സാമൂഹ്യ ശാസ്ത്രമായി ഇന്ന് നരവംശ ശാസ്ത്രം എത്തിനിൽക്കുന്നു.


പ്രൊഫ. ഖസൻ ഹേഷ്

സമൂഹ്യനരവംശശാസ്ത്രം എന്ന വൈജ്ഞാനിക ശാഖയുടെ വികാസ പരിണാമ ദശകളിൽ ചെറുതല്ലാത്ത പങ്ക് വഹിച്ചുകൊണ്ട് സാമൂഹ്യശാസ്ത്ര ഭൂപടത്തിൽ ഇന്ത്യ സവിശേഷ സ്ഥാനം അടയാളപ്പെടുത്തിയിട്ടുണ്ട്. വൈവിധ്യമാർന്ന ജനപഥങ്ങളുടെ ജീവിതവും, സംസ്കാരവും വരച്ച് കാണിക്കാൻ വൈദേശികരായ നരവംശ ശാസ്ത്രജ്ഞരോടൊപ്പം ശാസ്ത്രകുതുകികളായ തദ്ദേശീയരും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകം മുതൽ ഇന്ത്യയിലുണ്ടായിരുന്നു. ഗോത്രജീവിതം, കാർഷിക സംസ്കൃതി, മതം, ജാതി, വിശ്വാസങ്ങൾ, കല, ആചാരങ്ങൾ തുടങ്ങി സാമൂഹ്യ ജീവിതത്തിന്റെ നാനാതുറകളിലേക്ക് വീശുന്ന വെളിച്ചമായിരുന്നു ഇന്ത്യൻ നരവംശശാസ്ത്ര പഠനങ്ങൾ. കോളനി ഭരണകൂട വിപത്തുകളിൽ ഞെളിപിരി കൊള്ളുമ്പോഴും പൗരാവകാശങ്ങൾ ഉയർത്തിപിടിച്ച്, സാംസ്കാരിക വൈവിധ്യങ്ങളിലധിഷ്ഠിതമായ ഒരു ജനാധിപത്യ രാഷ്ട്രമായി പടർന്ന് പന്തലിക്കുവാൻ ഈ പഠനങ്ങളും ഉൾകാഴ്ചകളും, നൽകിയ തുറവികൾ ചെറുതല്ലാത്ത പങ്ക് വഹിച്ചിട്ടുണ്ട്.

തീവ്ര വ്യാവസായവൽക്കരണം, ലോകമഹായുദ്ധങ്ങൾ, വിവിധ ദരിദ്ര രാഷ്ട്രങ്ങളുടെ റിപ്പബ്ലിക് രൂപീകരണം, വിജ്ഞാന വിസ്ഫോടനം, തുടങ്ങി ചെറുതും വലുതുമായ ആഗോള പ്രതിഭാസങ്ങൾ നരവംശ ശാസ്ത്രത്തിന്റെ സൈദ്ധ്യാന്തിക അടിത്തറയ്ക്ക് കാര്യമായ സ്വാധീനങ്ങൾ ചെലുത്തിയിട്ടുണ്ടെന്ന് മാത്രമല്ല പുത്തൻ മേഖലകളിലേക്ക് അതിന്റെ രീതി ശാസ്ത്രത്തിന് കടന്നു ചെല്ലാൻ അവസരമൊരുക്കുകയും ചെയ്തിട്ടുണ്ട്. കോളനി ഭരണത്തിലമർന്നു കഴിഞ്ഞിരുന്ന പല ദരിദ്ര രാജ്യങ്ങളിലും അവരുടെ ഭാഗധേയം സ്വയം നിർണ്ണയിക്കുന്ന, വ്യാഖ്യാനിക്കുന്ന സാമൂഹ്യ പരിവർത്തന പദ്ധതികൾ ആവശ്യപ്പെടുന്ന ഇടപെടലുകളായി സാമൂഹ്യ നരവംശ ശാസ്ത്രം ഇന്ന് പ്രവർത്തനനിരതമാണ്. എന്നാൽ വർത്തമാന കേരളം അഭിമുഖീകരിക്കുന്ന പല സാമൂഹ്യ-നൈതിക വിഷയങ്ങളെ പ്രശ്നവൽക്കരിക്കുന്നതിനോ, സൈദ്ധാന്തിക വിശകലനം ചെയ്യുന്നതിനോ ഈ ശാസ്ത്ര സങ്കേതത്തിന്റെ രീതി ശാസ്ത്രത്തേയും, സിദ്ധാന്തത്തേയും, വേണ്ടത്ര ശക്തമായ തരത്തിൽ വിനിയോഗിച്ചിട്ടില്ലെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. വെറും നാടോടി വിജ്ഞാന പഠനമായോ, ജാതി നിർണ്ണയാമ്പേഷണത്തിനോ, ചില ജാത്യാചാരാനുഷ്ഠാനങ്ങളുടെ രേഖപ്പെടുത്തലായോ ഒക്കെ ഒതുങ്ങി നിൽക്കുകയാണ് ഇവിടെ ഈ വിഷയം. കേരളത്തിൽ നരവംശ ശാസ്ത്ര ബിരുദ-ബിരുദാനന്തര പഠനവും, ഗവേഷണവും പരിശീലിപ്പിക്കപ്പെടുന്നതിന് വേണ്ടത്ര അക്കാദമി സൗകര്യങ്ങളില്ല എന്നത് തന്നെ ഇതിന് തെളിവാണ്.

സങ്കീർണ്ണ സാമൂഹ്യ സമസ്യകളെ വിശകലനം ചെയ്യുന്ന ഗൗരവമാർന്ന സാമൂഹ്യ ശാസ്ത്രമായി സാമൂഹ്യനരവംശശാസ്ത്രം ചർച്ച ചെയ്യപ്പെടുന്നവരിൽ പ്രമുഖനാണ് പ്രൊഫസർ ഖസ്സൻ ഹേഷ് (Ghassan Hage). പൊളിറ്റിക്കൽ സയൻസ്, ഫിലോസഫി എന്നീ സഹവിഷയങ്ങളെ നരവംശ ശാസ്ത്രപരമായി ചർച്ച ചെയ്യുന്ന പ്രമുഖ ചിന്തകരിൽ ഒരാളായ അദ്ദേഹം ഇപ്പോൾ മെൽബൺ സർവ്വകലാശാലയിൽ ഫ്യൂച്ചർ ജനറേഷൻ ഓഫ് സോഷ്യൽ ആന്ത്രോപോളജി പ്രൊഫസറാണ്.

രാജ്യാന്തര പ്രശസ്തി നേടിയ സർവ്വകലാശാലകളിൽ നിരവധി പ്രഭാഷണ പരമ്പരകളും ശില്പശാലകളും അവതരിപ്പിച്ചിട്ടുള്ള ഇദ്ദേഹം 2012 ഏപ്രിലിൽ ഇന്ത്യ സന്ദർശിച്ചിരുന്നു. ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ നടന്ന അസോസിയേഷൻ ഓഫ് സോഷ്യൽ ആന്ത്രോപോളജിസ്റ്റ് ഓഫ് യു.കെ ആന്റ്

കോമൺവെൽത്തിന്റെ (ASA) വാർഷിക കോൺഫ്രൻസിൽ, സർ റയ്മൺ ഫിർത്ത് അനുസ്മരണ പ്രഭാഷണം നിർവ്വഹിക്കാനായിരുന്നു ഇദ്ദേഹം ഇന്ത്യയിലെത്തിയത്. അന്ന് ഖസൻ ഹേഷുമായി നടത്തിയ സംഭാഷണത്തിലെ പ്രസക്തഭാഗങ്ങളാണ് ഇവിടെ കുറിക്കുന്നത്. കേരളീയ വൈജ്ഞാനിക മേഖലയിൽ വേറിട്ട പലതും സംഭാവന ചെയ്യുവാൻ സാമൂഹ്യ നരവംശശാസ്ത്രത്തിന് സാധ്യമാകും എന്ന ബോധ്യമാണ് പ്രൊഫ. ഖസൻ ഹേഷിന്റെ വാക്കുകൾ വ്യക്തമാക്കുന്നത്.

•••

ഫ്രാൻസിലായിരുന്നു ഞാനെന്റെ ബിരുദ വിദ്യാഭ്യാസം പൂർത്തീകരിച്ചത്. പൊളിറ്റിക്കൽ സയൻസായിരുന്നു മുഖ്യവിഷയം. എങ്കിലും വളരെ ഇന്റർ ഡിസിപ്ലിനറിയായ ഒരു പാഠ്യരീതിയായിരുന്നു ഞങ്ങളവലംബിച്ചിരുന്നത്. ലബനൻ ആഭ്യന്തരയുദ്ധമായിരുന്നു എന്റെ പി.എച്ച്.ഡി പഠനവിഷയം. ഇത് സംബന്ധിച്ച് ഫീൽഡ് വർക്ക് നടക്കുന്ന സമയത്താണ് Inter Cultural Relation നെക്കുറിച്ച് കൂടുതൽ ചിന്തിക്കാനിടവരുന്നത്. ഞാനെന്റെ 'സാമൂഹ്യനരവംശശാസ്ത്ര പ്രവേശിക' ശക്തമായി രൂപപ്പെടുത്തുന്നത് അപ്പോഴാണ്. ഫ്രാൻസിൽ പിയറി ബോർദ്യുവിന്റെ ശിക്ഷണം ഇക്കാര്യത്തിൽ എന്നെ വളരെ സഹായിച്ചു. 1980 കളുടെ തുടക്കക്കാലമായിരുന്നു അത്. പിന്നീട് അദ്ധ്യാപകനാവുമ്പോഴേക്കും ഞാനൊരു 'സ്വയം നിർമ്മിത' നരവംശശാസ്ത്രജ്ഞനായിത്തീർന്നു.

പരമ്പരാഗതമായി നരവംശശാസ്ത്രജ്ഞർ കൂടുതലും പ്രവർത്തിച്ചിരുന്നത് വിചിത്രപരദേശികൾ (Exotic Tribe) എന്ന് വിളിച്ചിരുന്ന ചെറു ഗോത്രസമൂഹങ്ങളിൽ ആയിരുന്നു. എന്നാലിപ്പോൾ ഏതെങ്കിലുമൊരു വിഷയത്തിലോ പ്രതിഭാസത്തിലോ ഊന്നൽ നൽകികൊണ്ട് ബഹുസ്വരതകളെ കുറിച്ചന്വേഷിക്കുന്നു. നഗര വ്യാവസായിക സമൂഹങ്ങൾ (Complex Societies), അവയുടെ സാമൂഹ്യസ്ഥാപനങ്ങൾ എല്ലാം ഇന്ന് നരവംശ ശാസ്ത്രപഠനങ്ങൾക്കുള്ള ഇടങ്ങളാണ്. നരവംശശാസ്ത്രത്തിന്റെ ശൈശവ വികാസ കാലത്ത് അലിഞ്ഞ് ചേർന്നിരുന്ന കൊളോണിയൽ താല്പര്യങ്ങളെ ഞാൻ പൂർണ്ണമായും നിരാകരിക്കുന്നില്ല. നമുക്ക് ഈ ചൂഷണ ബന്ധത്തെക്കുറിച്ച്, അതിന്റെ കെടുതികളെ കുറിച്ച് സംസാരിച്ച് വേണ്ടതിലധികം സമയം വേണമെങ്കിൽ ചെലവഴിക്കാനാകും. എന്നാൽ, പ്രമുഖമായ പല വസ്തുതകളെയും നമ്മൾ അവഗണിച്ച് കളയുന്നുവോ എന്നും പരിശോധിക്കേണ്ടതുണ്ട്. ഞാനേറ്റവും പ്രാധാന്യത്തോടെ പറയാനാഗ്രഹിക്കുന്നത്, എന്റെ വിദ്യാർത്ഥികൾക്ക് ഒരുതരത്തിലും ഒരു കുറ്റബോധപരിസരത്ത് നിന്നുകൊണ്ട് നരവംശശാസ്ത്രപരമായ അവരുടെ ധൈഷണികത രൂപപ്പെടുത്താൻ ഇടവരരുത് എന്നതാണ്. പോസിറ്റീവായ പലതും ചിന്തിക്കാൻ അവർക്ക് സാധിക്കണം. പരിഷ്കൃത സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന വർഗീയത (Racism), ബഹുസാംസ്കാരികത എന്നിവ ഉയർത്തുന്ന ചോദ്യങ്ങളാണ് ഞാൻ മുന്നിൽ കാണുന്ന വെല്ലുവിളികൾ. ഈ രീതിയിലുള്ള എന്റെ പ്രതികരണമാണ് White Nation എന്ന എന്റെ പുസ്തകം. വെള്ളക്കാരന്റെ ആസ്ട്രേലിയൻ അധീശത്വമാണ് ഇതിലെ പ്രതിപാദ്യം. ഒരുതരം പോസ്റ്റ് പോസ്റ്റ് കൊളോണിയൽ കാലത്തെക്കുറിച്ചാണ് ഈ സമകാലിക നരവംശശാസ്ത്രം സംവദിക്കുന്നത്.

•••

വിമർശനാത്മകവും എന്നാൽ തികച്ചും സംവാദാത്മകവുമായ ഒരു സാമൂഹ്യപഠന ശാഖയാണ് എന്നെ സംബന്ധിച്ചിടത്തോളം സാമൂഹ്യനരവംശശാസ്ത്രം. ക്രിട്ടിക്കൽ സോഷ്യൽ ആന്ത്രോപോളജി എന്ന് പറയാനാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്. വിമർശനപരമായ ഒരു സാമൂഹികതയെക്കുറിച്ച് ചിന്തിക്കാനാവശ്യപ്പെടുന്ന ഒരു പാഠ്യപദ്ധതിയാണ് ഇത്. ഇവിടെ സാമൂഹികം – അഥവാ സാമൂഹ്യശാസ്ത്രം എന്നത് കേവലം ഏതെങ്കിലുമൊരു അക്കാദമിക വിഷയം മാത്രമല്ല. മറിച്ച് 'സാമൂഹ്യപരത'എന്ന ഒരു ഘടനയും അവസ്ഥയും കൂടിയാണ്. സാമൂഹ്യ അധികാരം, അധികാരാധിഷ്ഠിത സാമൂഹ്യബന്ധങ്ങൾ തുടങ്ങിയ സവിശേഷ മേഖലകളുടെ പരിണാമ ഘട്ടങ്ങളും രൂപഘടനകളും, അധീശത്വത്തെ അനുഭവിക്കുന്ന അനുഭവങ്ങളും വിമർശനാത്മകമായി തുറന്ന് കാട്ടുവാൻ ക്രിട്ടിക്കൽ സോഷ്യൽ ആന്ത്രോപോളജിക്ക് സാധിക്കുന്നുണ്ട് എന്നതാണ് ഈ ശാഖയുടെ പ്രസക്തി.

മനുഷ്യജീവിതത്തിൽ ദിനംപ്രതി അനുഭവിക്കുന്ന ചെറുതും വൈവിധ്യമാർന്നതുമായ സത്യങ്ങളും ജീവിതസാധ്യതകളും തുറന്ന് പ്രകാശിപ്പിക്കുന്ന ഒരു രീതിശാസ്ത്രം കൂടിയാണ് ഞാൻ പറയുന്ന ക്രിട്ടിക്കൽ സോഷ്യൽ ആന്ത്രോപോളജി അവലംബിക്കുന്നത്. സാമൂഹ്യജീവിതത്തിലെ ചെറു യാഥാർത്ഥ്യങ്ങളുടെ മേൽ വിവിധ കോണു

## പ്രൊഫ. ഖസൻ ഹേഷ്

1957ൽ ആസ്ത്രേലിയയിലെ ലബനിൽ ജനനം. 1988ൽ സിഡ്നിയിലെ യൂണിവേഴ്സിറ്റി ഓഫ് ടെക്നോളജിയിൽ അധ്യാപനം ആരംഭിച്ച ഹേഷ് പിന്നീട് സിഡ്നി സർവകലാശാലയിൽ സീനിയൽ ലക്ചററായും അസോസിയേറ്റ് പ്രൊഫസറായും പ്രവർത്തിച്ചു. ഇപ്പോൾ മെൽബൺ സർവകലാശാലയിൽ ആന്ത്രോപോളജി ആൻഡ് സോഷ്യൽ തിയറി വിഭാഗത്തിൽ പ്രൊഫസറാണ്.

പൊളിറ്റിക്കൽ സയൻസിലായിരുന്നു പി.എച്ച്.ഡി എങ്കിലും പിന്നീട് നരവംശശാസ്ത്രത്തിലേക്ക് എത്തിച്ചേർന്നു. നരവംശശാസ്ത്ര-സാംസ്കാരിക പഠനങ്ങൾക്കുള്ള വേദിയായ ആസ്ത്രേലിയൻ ആന്ത്രോപോളജിക്കൽ സൊസൈറ്റി, അമേരിക്കൻ ആന്ത്രോപോളജിക്കൽ അസോസിയേഷൻ, ഇന്റർനാഷണൽ അസോസിയേഷൻ ഫോർ കൾച്ചറൽ സ്റ്റഡീസ് തുടങ്ങി നിരവധി സമിതികളിൽ അംഗമാണ് ഇദ്ദേഹം. പ്രമുഖ അക്കാദമിക് പ്രസിദ്ധീകരണങ്ങളായ ആന്ത്രോപോളജിക്കൽ തിയറി, സോഷ്യൽ ആന്ത്രോപോളജി, കൾച്ചറൽ സ്റ്റഡീസ് തുടങ്ങി നിരവധി അക്കാദമിക് പ്രസിദ്ധീകരണങ്ങളുടെ പത്രാധിപ സമിതി അംഗവും കൂടിയാണ്. പത്ത് പുസ്തകങ്ങൾ, അറുപതോളം ലേഖനങ്ങൾ, 40ലധികം പ്രഭാഷണങ്ങൾ എന്നിവ ഹേഷിന്റേതായുണ്ട്.

വിഖ്യാത ഫ്രഞ്ച് ചിന്തകനും, നരവംശശാത്രജ്ഞനുമായ പിയറി ബോർദ്യൂവിനോടൊപ്പം പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം ബോർദ്യൂവിന്റെ 'സാംസ്കാരിക മൂലധനം' (Cultural Capital), 'ഫീൽഡ് തിയറി' എന്നീ പരികൽപനകളെ വ്യാഖ്യാനിക്കുന്നതിൽ സവിശേഷ പങ്ക് വഹിച്ചിട്ടുണ്ട്. അക്കാദമിക ശ്രദ്ധയാകർഷിച്ച നിരവധി പുസ്തകളുടെ രചയിതാവാണ് ഇദ്ദേഹം. 1998-ൽ പുറത്തിറങ്ങിയ White Nation : Fantasies of White supremacy in multicultural society, 2003ൽ Against paranoid Nationalism എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്.

കളിൽ നിന്നുള്ള വെളിച്ചം വീഴ്ത്തലാണ് ഈ രീതിശാസ്ത്രമെന്ന് ഉറപ്പിച്ച് പറയാം. സമകാലിക സാമൂഹ്യനരവംശശാസ്ത്രത്തിന്റെ ലക്ഷ്യവും ചുമതലയും കൂടിയാണ് ഈ വെളിച്ചം വീഴ്ത്തൽ. വ്യക്തികൾ ജീവിക്കുന്നത് തടവറകൾക്കുള്ളിലല്ല എന്ന സാധ്യത രാഷ്ട്രീയമായി ആക്ടിവേറ്റ് ചെയ്യപ്പെടുന്നുവെന്നത് ഈ വെളിച്ചം വീഴ്ത്തലിന്റെ സവിശേഷതയാണ്. ഇങ്ങനെ തുറന്ന് കാണിക്കപ്പെടുന്ന ചെറുചെറു സത്യങ്ങൾക്ക് (Minor Realities) ഒരു നവീന ബോധപരിസരം ഉയർത്താൻ സാധിക്കുന്നുമുണ്ട്. അതുകൊണ്ട് സാമൂഹ്യ നരവംശശാസ്ത്രം മനുഷ്യസാമൂഹികതയെക്കുറിച്ചുള്ള 'സാമൂഹ്യ' പഠനമാണെന്ന് പറയാം.

ഈ നിലയിലുള്ള ജ്ഞാനോൽപാദനത്തെ (Knowledge Production) വളരെ പോസിറ്റീവ് ആയാണ് ഞാൻ കാണുന്നത്. നേരത്തെ പറഞ്ഞത് പോലെ സ്വയം വിമർശനാത്മകത നിർബന്ധിക്കുന്ന ഒരു ഡിസിപ്ലിനാണ് ഇത്. മറ്റ് ഏത് വൈജ്ഞാനിക മേഖലകളെക്കാളും സ്വയം വിമർശാനാത്മക ശേഷി കൂടുതലുള്ള ഒരു ശാസ്ത്രമാണിത്. വംശീയപഠനം (Ethnography) എന്ന രീതിശാസ്ത്രം, ഏത് തലത്തിലുള്ള സമൂഹങ്ങളുടേയും വളരെ സൂക്ഷ്മവും സങ്കീർണവുമായ സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ഒപ്പിയെടുക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പാകമായ ഒരു ടൂൾ ആയി വികസിച്ചു കഴിഞ്ഞുവെന്ന് തർക്കമില്ലാതെ പറയാം. ഇന്ന് നാം അഭിമുഖീകരിക്കുന്ന പൊള്ളുന്ന, സങ്കീർണ്ണ സാമൂഹ്യ പ്രശ്നങ്ങളിൽ, പ്രത്യേകിച്ച് പരിസ്ഥിതി പോലെയുള്ള വിഷയങ്ങളിൽ പ്രായോഗിക പരിഹാരങ്ങളുടെ വഴി തേടാനാശ്രയിക്കാവുന്ന ഒരു രീതിശാസ്ത്രം കൂടിയാണിതെന്ന് തെളിയിക്കപ്പെട്ടുകഴിഞ്ഞു.

പലപ്പോഴും വിഷയപരമായ അതിരുകൾ ഭേദിച്ച് മുൻവിധികളില്ലാതെ വിവിധ സിദ്ധാന്തങ്ങളുമായും, ശാസ്ത്രശാഖകളുമായും ക്രിയാത്മകമായ സംവാദത്തിലേർപ്പെടാനുള്ള തുറവി സാമൂഹ്യനരവംശശാസ്ത്രത്തിനുണ്ട് എന്നത് ഈ രീതിശാസ്ത്രത്തിന്റെ ആന്തരികശേഷിയുടെ തിളക്കം വർദ്ധിപ്പിക്കുന്നു. ഇവയിൽ ഫിലോസഫിയോടാണ് ഏറ്റവും കൂടുതൽ ചങ്ങാത്തം ഇത് പുലർത്തിയിട്ടുള്ളതെന്ന് തോന്നുന്നു. തത്വശാസ്ത്രചിന്തകൾ വംശീയപഠനങ്ങളെ എക്കാലവും സമ്പുഷ്ടമാക്കിയിട്ടുണ്ട്. വളരെ ആത്മനിഷ്ഠപരമായി പോലും നമ്മൾ ആചരിക്കുന്ന ചില സവിഷേഷ വസ്തുതകളെ തികച്ചും വസ്തുനിഷ്ഠമായി തന്നെ വിശകലനം ചെയ്യാനുള്ള കഠിന സൂക്ഷ്മത ഈ രീതിശാസ്ത്രം പുലർത്തുന്നുണ്ട്. ■